പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 319 — 14.03.2017-ൽ മറുപടിയ്ക്ക്

**ദേശീയ വനിത, മനുഷ്യാവകാശ കമ്മീഷനുകൾ**

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.പി. ഉണ്ണി<br>,, വി. ജോയി | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ദേശീയ വനിതാ കമ്മീഷൻ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്നിവയുടെ അധികാരവും കർത്തവ്യവും വിശദമാക്കാമോ; | (എ) ദേശീയ വനിതാ കമ്മീഷന്റെ അധികാരവും കർത്തവ്യങ്ങളും<br>1) ഭരണഘടനയും രാജ്യത്തെ നിയമങ്ങളും അനുശാസിക്കുന്ന രീതിയിൽ വനിതകളുടെ സംരക്ഷണം ഉറപ്പുവരുത്തുക എന്നുള്ളതാണ് ദേശീയ വനിതാ കമ്മീഷന്റെ മൗലികമായ കർത്തവ്യം. ഇതിനായി ഭരണഘടനാപരമായും നിയമപരമായും വനിതകൾക്കുള്ള സുരക്ഷയെ സംബന്ധിച്ച് പുനഃപരിശോധന നടത്തുക (review the Constitutional and Legal safeguards for women) എന്നതും ചുമതലയിൽപ്പെടുന്നു.<br>2) വനിതകളുടെ ഉന്നമനവും സുരക്ഷയും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിയമ നിർമ്മാണത്തിലൂടെയുള്ള പരിഹാരമാർഗ്ഗങ്ങളുടെ ശുപാർശകൾ<br>3) വനിതകളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള സാഹചര്യമൊരുക്കൽ<br>4) നയപരമായ വിഷയങ്ങൾ തീരുമാനിക്കുമ്പോൾ അതിൽ സ്ത്രീകളെ ബാധിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് വേണ്ട ഉപദേശങ്ങൾ നൽകുക<br>ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അധികാരങ്ങളും കർത്തവ്യങ്ങളും<br>1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ട് (1994-ലെ കേന്ദ്ര ആക്ട് നം.10) പ്രകാരമാണ് ദേശീയ മനുഷ്യാവകാശ കമ്മീഷനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും രൂപീകൃതമായത്. മനുഷ്യാവകാശ കമ്മീഷന്റെ അധികാരവും കർത്തവ്യങ്ങളും പ്രസ്തുത ആക്ടിലെ മൂന്നാം അദ്ധ്യായത്തിൽ 12 മുതൽ 16 വരെ പ്രതിപാദിക്കുന്നു.<br>ചുരുക്കത്തിൽ<br>1. മനുഷ്യാവകാശ ലംഘനം സംബന്ധിച്ച കോടതി |

| | | | |
|---|---|---|---|
| | | | നടപടികളിൽ കോടതി അനുമതിയോടെ കക്ഷിചേരുക.<br>2. ജയിലുകൾ, സംരക്ഷണാലയങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, ചികിത്സാലയങ്ങൾ മുതലായവ സന്ദർശിച്ച് അവിടങ്ങളിലെ അന്തേവാസികളുടെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ ശുപാർശകൾ സർക്കാരിന് നൽകുക.<br>3. ഭരണഘടനാപരവും നിയമപരവുമായ നിലവിലുള്ള മനുഷ്യാവകാശ പരിരക്ഷാസംവിധാനങ്ങളുടെ നിർവ്വഹണവും ഫലപ്രാപ്തിയും വിലയിരുത്തി യുക്തമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുക.<br>4. മനുഷ്യാവകാശ ധ്വംസനങ്ങൾ, അതിക്രമങ്ങൾ, ഭീകര പ്രവർത്തനങ്ങൾ മുതലായവ സംബന്ധിച്ച് നിരീക്ഷണങ്ങൾ നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുക.<br>5. മനുഷ്യാവകാശത്തെ സംബന്ധിച്ച അന്തർദ്ദേശീയ കരാറുകൾ, പ്രഖ്യാപനങ്ങൾ മുതലായവ വിശകലനം ചെയ്ത് പ്രയോഗിക നടപടികൾ നിർദ്ദേശിക്കുക.<br>6. മനുഷ്യാവകാശം സംബന്ധിച്ച ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഏറ്റെടുക്കുകയും ചെയ്യുക. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾ രാഷ്ട്രീയ ഉപകരണങ്ങളായി മാറുന്നുവെന്നും അധികാര പരിധിയിൽ വരാത്ത കാര്യങ്ങളിൽ ഇടപെട്ട് സംസ്ഥാന സർക്കാരിനെതിരെ വാർത്ത സൃഷ്ടിക്കുന്നുവെന്നുമുള്ള ആക്ഷേപത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി, അധികാര പരിധിവിട്ട് പ്രവർത്തിക്കുന്നതായി ആക്ഷേപമുള്ള പ്രസ്തുത കമ്മീഷനുകളുടെ നടപടി, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ? | (സി) | നിയമവും ചട്ടവും ലംഘിച്ച് പ്രവർത്തിച്ചാൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ